മലങ്കര
# വചനബോധി

Vol.18, May - June, 2021



കാരുണികൻ

www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ജൂൺ 06___ പെന്തിക്കോസ്തിക്കുശേഷം 2-ാംഞായർ**
Page : 03
മത്താ 10:38 – 42
- ഡോ. ജോർജ് അയ്യനേത്ത് OIC
- ഫാ. ജോൺ പടിപ്പുരയ്ക്കൽ

**ജൂൺ 11___ തിരുഹൃദയത്തിരുനാൾ**
Page : 03
- ഫാ. വർഗീസ് തൊട്ടിയിൽ

**ജൂൺ 13 ___ പെന്തിക്കോസ്തിക്കുശേഷം 3-ാം ഞായർ**
Page : 80
യോഹ 6:35 – 46
- ഡോ. ജോർജ് അയ്യനേത്ത് OIC
- ഫാ. ഗോഡ്ജോയ് ഗോഡ്വിൻ

**ജൂൺ 20 ___ പെന്തിക്കോസ്തിക്കുശേഷം 4-ാം ഞായർ**
Page : 88
ലൂക്കാ 10:17 – 20
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ഡൊമിനിക്ക് മൂഴിക്കര OIC

**ജൂൺ 27___ പെന്തിക്കോസ്തിക്കുശേഷം 5-ാം ഞായർ**
Page : 93
ലൂക്കാ 9:10 – 17
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ

www.malankaralibrary.com

# ജൂൺ 06
# പെന്തിക്കോസ്തിക്കുശേഷം 2-ാം ഞായർ

## ഭാഷ്യം

മത്താ 10:38-42

### സന്ദർഭം

മത്തായി സുവിശേഷകൻ വളരെ അടുക്കും ചിട്ടയോടുംകൂടിയാണ് യേശുവിന്റെ രക്ഷാകരസംഭവം ആദ്യത്തെ പത്ത് അധ്യായങ്ങളിൽ അനാവരണം ചെയ്യുന്നത്. മാമ്മോദീസായിലൂടെ തന്റെ ദൗത്യം ഏറ്റെടുക്കുന്ന യേശുവിനെയും മരുഭൂമിയിലെ പ്രലോഭനങ്ങളിലൂടെ തന്റെ ദൗത്യത്തിന് വഴിതെളിക്കുന്ന യേശുവിനെയും മലയിലെ പ്രസംഗങ്ങളിലെ ജ്ഞാനവചസ്സുകളിലൂടെ തന്റെ ദൗത്യം സംഗ്രഹിക്കുന്ന യേശുവിനെയും വാക്കിൽമാത്രമല്ല പ്രവർത്തിയിലും താൻ ശക്തനാണെന്ന് അത്ഭുതപ്രവർത്തികളിലൂടെ തെളിയിക്കുന്ന യേശുവിനെയും നാം അവിടെ കാണുന്നു. ഇങ്ങനെയുള്ള യേശുവിനെതിരായി നിയമജ്ഞരുടെയും ഫരിസേയരുടെയും ഭാഗത്തുനിന്ന് ഉയർ ന്നുവരുന്ന എതിർപ്പുകൾ ഒൻപതാം അധ്യായത്തിൽ വിവരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് യേശു തന്റെ ദൗത്യം തുടരാനായി അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതും എതിർപ്പുകളുടെയും പീഡനങ്ങളുടെയും മധ്യേ നിർഭയരായിരിക്കാൻ അവരെ ശക്തിപ്പെടുത്തുന്നതും. കുരിശുകൾ ഒരു ശിഷ്യന്റെ ദൗത്യത്തിന്റെ ഭാഗമാണെന്നും സ്വന്തംജീവൻപോലും നഷ്ടപ്പെടുത്തി ദൗത്യത്തിലേർപ്പെട്ടിരിക്കുന്ന ശിഷ്യനെ സ്വീകരിക്കുന്നവർ ധന്യരാണെന്നും യേശു അവരെ പഠിപ്പിക്കുന്നു.



www.malankaralibrary.com

## സാരം

പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ ഏത് എതിർപ്പുകളും പീഡനങ്ങളും കുരിശുകളും അതിജീവിക്കാൻ ശക്തരായിത്തീർന്നു. അങ്ങനെ ശക്തരായിത്തീർന്ന ശിഷ്യന്മാരാണ് തങ്ങളുടെ ദൗത്യനിർവഹണത്തിലെ കുരിശുകളെപ്പറ്റിയുള്ള യേശുവിന്റെ പഠിപ്പിക്കലുകൾ ഓർത്തെടുത്തത്. യേശുവിന്റെ രക്ഷാകരദൗത്യം തുടരുന്ന ശിഷ്യന്മാരെ സ്വീകരിക്കുന്നവർ യേശുവിനെത്തന്നെയാണ് സ്വീകരിക്കുന്നതെന്ന ഉറപ്പ് ആദിമക്രൈസ്തവകൂട്ടായ്മയ്ക്ക് ഒരു വലിയ പ്രചോദനമായിരുന്നു. അതിന് ലഭിക്കുന്ന വലിയ സ്വർഗീയപ്രതിഫലത്തിൽ ആത്മീയാനന്ദം കണ്ടെത്തിയ സാധാരണക്കാരായ ആദിമക്രിസ്ത്യാനികളാണ് കൊടിയ പീഡനങ്ങളുടെ നടുവിലും ശിഷ്യന്മാർക്ക് തങ്ങളുടെ ദൗത്യനിർവഹണത്തിന് സ്ഥലവും സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തത്.

## സന്ദേശം

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (വാ. 40). പിതാവായ ദൈവത്തിന്റെ കൂദാശയാണ് ക്രിസ്തു; ക്രിസ്തുവിന്റെ കൂദാശയാണ് ശ്ലീഹന്മാരാൽ പണിയപ്പെട്ട സഭ. അദൃശ്യമായതിനെ ദൃശ്യവത്ക്കരിക്കുന്ന അടയാളമാണല്ലോ കൂദാശ. സഭയിലെ ഓരോ പ്രേഷിതരും അവർ എത്ര നിസ്സാരരാണെങ്കിൽപ്പോലും ക്രിസ്തുവിന്റെ കൂദാശയാണ്; ക്രിസ്തുവാകട്ടെ പിതാവായ ദൈവത്തിന്റെയും. അതുകൊണ്ട് വളരെ ത്യാഗം സഹിച്ച് സുവിശേഷവേലയിൽ, മിഷൻപ്രവർത്തനങ്ങളിൽ, ഇടവകകൂട്ടായ്മയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പ്രേഷിതരെയും നമ്മൾ യേശുവിനെ സ്വീകരിക്കുന്നതുപോലെ സ്വീകരിക്കണം, ആദരിക്കണം, അവരുടെ സുവിശേഷവേലയ്ക്ക് നമ്മുടെ സഹായത്തിന്റെ ഒരു ചെറുവിരലെങ്കിലും നീട്ടിക്കൊടുക്കണം.

**ഡോ. ജോർജ് അയ്യനേത്ത് OIC**



www.malankaralibrary.com

# പ്രസംഗം

## ഞാൻ യോഗ്യനോ?

യോഗ്യതാപരീക്ഷകളും ടെസ്റ്റുകളും അനവധി നടക്കുന്ന കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസയോഗ്യതകൾക്കുവേണ്ടിയുള്ള നീറ്റ് പരീക്ഷ, അധ്യാപനജോലിപ്രവേശനത്തിനുള്ള അർഹത നേടിയ വ്യക്തികളെ അളക്കുന്ന നെറ്റ്, സെറ്റ്, ടെറ്റ്.... അധ്യാപകൻ പ്രധാനാധ്യാപകവൃത്തിക്ക് യോഗ്യനോ എന്നളക്കുന്ന കെ. ഇ. ആർ പരീക്ഷ തുടങ്ങിയവ അവയിൽ ചിലതുമാത്രം.

ഇന്നത്തെ സുവിശേഷഭാഗത്തിലേക്ക് കടക്കുമ്പോൾ ഒരുവൻ ദൈവസന്നിധിയിൽ യോഗ്യനോ അയോഗ്യനോ എന്നളക്കുന്നത് രണ്ടുകാര്യങ്ങളെ ആശ്രയിച്ചാണ് എന്ന് യേശു പറയുന്നു.

**1. അധികസ്നേഹം:** "എന്നേക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നേക്കാളധികം പുത്രനെയോ പുത്രിയേയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (മത്താ 10:37). കൃത്യമായി പറഞ്ഞാൽ, നീയും നിന്റെ ദൈവവുമായുള്ള ബന്ധത്തിന്റെ ആഴം അളക്കുന്നത് മറ്റെന്തിനെക്കാളും അധികമായുള്ള സമർപ്പണത്തിലൂടെയാണ്. അതുകൊണ്ടാണ് മർക്കോസ് സുവിശേഷകൻ ഇപ്രകാരം പറയുന്നത്: "നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണ ആത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക" (മർക്കോ 12:30) എന്ന്. സുവിശേഷങ്ങളിലുടനീളം യേശു ഈ കാര്യം വ്യക്തമാക്കുന്നുണ്ട്.

യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ പത്രോസിന്റെ കരങ്ങളിൽ ഏൽപ്പിക്കുംമുമ്പ് അവനോട് ചോദിക്കുന്നത് ഈ അധികസ്നേഹത്തിന്റെ കണക്കുതന്നെയാണ്. "നീ ഇവരേക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" ഇപ്രകാരമൊരു സ്നേഹത്തിന്റെ കണക്ക് ചോദിച്ചതിനുശേഷമാണ് സഭയെ നയിക്കാനുള്ള ദൗത്യം പത്രോസിനെ ഭരമേൽപ്പിക്കുക. ലോകത്തിൽ സുവിശേഷം പ്രഘോഷിക്കപ്പെടുന്നിടത്തെല്ലാം ഇത് സ്മരിക്കപ്പെടും എന്ന് യേശുതമ്പുരാൻ ഉറപ്പുനൽകുന്ന ബഥാനിയായിലെ സ്ത്രീയുടെ യോഗ്യതയും



www.malankaralibrary.com

ഈ അധികസ്നേഹത്തിന്റെതന്നെ. വിലമതിക്കാനാകാത്തതും ശുദ്ധവുമായ നാർദീൻതൈലം അവൾ തമ്പുരാന്റെ ശിരസ്സിൽ പൂശുമ്പോൾ അതൊരു പാഴ്ചിലവായി ചിത്രീകരിക്കപ്പെടുന്നു. എന്നാൽ അതൊരു അധികസ്നേഹത്തിന്റെ ബഹിർസ്ഫുരണമായി യേശുതമ്പുരാൻ വരച്ചുകാട്ടുന്നു. അവളുടെ ഈ പ്രവർത്തിയെ ഒരു സമ്പൂർണസമർപ്പണത്തിന്റെയും അധികസ്നേഹത്തിന്റെയും അടയാളമായി യേശുതമ്പുരാൻ സാക്ഷ്യപ്പെടുത്തുന്നു.

**2. കുരിശുവഹിക്കുക:** ദൈവത്തിന്റെ ശക്തിയും സ്നേഹവുമാണ് കുരിശ്. ക്രിസ്താനുഗമനം ഈ പാതയിലൂടെമാത്രമേ സാധ്യമാകൂ. പലപ്പോഴും സമൂഹജീവിതത്തിലെ സാഹചര്യങ്ങളിൽ, ജീവിതശൈലികളിലുണ്ടാകുന്ന പ്രതിബന്ധങ്ങളെ ക്രിസ്തുവിനെ അനുഗമിക്കുന്നതിനുള്ള വിഘ്നങ്ങളായി നാം ചൂണ്ടിക്കാണിക്കുന്നു. കുരിശുവഹിക്കുക എന്നുപറയുമ്പോൾ യേശുവിന്റെ ഈ ലോകജീവിതത്തിന്റെ ആദ്യാവസാനം നീണ്ടുനിന്ന ഒരു യാഥാർത്ഥ്യമായാണ് നാം അതിനെ മനസ്സിലാക്കേണ്ടത്. രണ്ടു തടിക്കഷണങ്ങൾകൊണ്ട് നിർമിച്ച കുരിശിൽ സംഭവിച്ചത് ഒരു *ഫുൾസ്റ്റോപ്പ് ഇടൽ* മാത്രമായിരുന്നു. 'കുരിശ് എടുക്കാത്തവൻ എനിക്ക് യോഗ്യനല്ല' എന്ന് യേശുതമ്പുരാൻ പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് ദൈനംദിനജീവിതത്തിൽ അനുനിമിഷം ഉണ്ടാകുന്ന പരിഹാസങ്ങൾ, കുറ്റപ്പെടുത്തലുകൾ, തള്ളിപ്പറച്ചിലുകൾ, ഒറ്റുകൊടുക്കലുകൾ, മുറിവുകൾ എന്നിവയെല്ലാം ഉൾപ്പെടെയാണ്. അതുകൊണ്ടുതന്നെ, കുരിശുതേടി നമ്മൾ എവിടെയും അലയേണ്ടതില്ല. നമ്മൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അതുതാനെ വന്നുകൊള്ളും. എന്നാൽ ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്: ഇതൊക്കെ നീ എപ്രകാരം അഭിമുഖീകരിക്കുന്നു? "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ"(ലൂക്കാ 9:23)എന്നാണ് ക്രിസ്തുമൊഴി.

ജീവിതത്തിൽ വേദനകളും പ്രയാസങ്ങളും വരുമ്പോൾ നാം ദൈവത്തോട് ചോദിക്കുന്ന നിരവധി ചോദ്യങ്ങളുണ്ട്: എന്തുകൊണ്ട് എനിക്ക് ഇത് സംഭവിച്ചു? ദൈവമേ നീപോലും എന്നെ കൈവിട്ടുവോ? ഇതിനുമാത്രം വലിയ പാപിയാണോ ഞാൻ? നീ തിരിച്ചറിയണം... ഇവയൊക്കെ നിന്റെ ജീവിതത്തിൽ സംഭവിച്ചത് ദൈവം നിന്നെ കൈവിട്ടതുകൊണ്ടോ, നീ കൊടുംപാപിയായതുകൊണ്ടോ



www.malankaralibrary.com

ഒന്നുമല്ല. ദൈവത്തോട് ചേർന്നുനിൽക്കുമ്പോൾ അപ്രകാരമുള്ള വേദനകൾ, കുറവുകൾ ദൈവകൃപകൊണ്ട് നിറയുമെന്നതാണ് സത്യം. കൈശോഷിച്ചവനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവൻ ഇപ്രകാരമായിത്തീർന്നത് ആരുടെ പാപം നിമിത്തമാണ് എന്ന ചോദ്യത്തിന് മറുപടിയായി യേശു പറഞ്ഞു: "ആരുടെയും പാപംനിമിത്തമല്ല; ദൈവമഹത്വം ഇവനിൽ പ്രകടമാകേണ്ടതിനാണ് ഇപ്രകാരം സംഭവിച്ചത്" എന്ന്. തന്നിലെ കുറവുകൾ മാറ്റിത്തരണമെന്ന് നിലവിളിച്ച പൗലോസിനോട് 'നിനക്ക് എന്റെ കൃപമതി, എന്തെന്നാൽ നിന്റെ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാവുന്നത്' എന്നു പറഞ്ഞതിന്റെയും പൊരുൾ മറ്റൊന്നുമല്ല. ജീവിതത്തിൽ ക്രിസ്തുവിനോട് ചേർന്നുനിൽക്കാനുള്ള യോഗ്യതാപരീക്ഷകൾ എണ്ണിത്തിട്ടപ്പെടുത്താവുന്നതിലുമധികം അനുദിനജീവിതത്തിലുണ്ടായിട്ടും എന്തുകൊണ്ട് നമ്മൾ പലപ്പോഴും അയോഗ്യരുടെ ചാർട്ടിൽ ഇടംപിടിക്കുന്നു എന്നത് പ്രസക്തമായ ഒരു ചോദ്യംതന്നെയാണ്. പണ്ട് എവിടെയോ വായിച്ച വരികൾപോലെ:

*ആരെയാണ് നിനക്ക് ഏറെ ഇഷ്ടം?*
*എന്നെയാണ് എനിക്ക് ഏറെ ഇഷ്ടം.*
*പിന്നെ ആരെയാണ് നിനക്ക് ഇഷ്ടം?*
*എന്നോടുള്ള ഇഷ്ടം തീരുന്നില്ലല്ലോ.*

ഞാൻ എന്നെക്കുറിച്ചും എനിക്കുള്ളവയെക്കുറിച്ചും വ്യഗ്രതപ്പെട്ട് മുൻപോട്ടുപോകുമ്പോൾ ദൈവത്തെ അധികമായി സ്നേഹിക്കാനും അനുദിനമുണ്ടാകുന്ന കുരിശുകളെ സന്തോഷത്തോടെ സ്വീകരിക്കാനും കഴിയാതെവരുന്നു. അതുകൊണ്ട് അമിതവ്യഗ്രത അൽപം നീക്കിവച്ച് അധികസ്നേഹത്താൽ മനംനിറച്ച് കുരിശുകളിൽ ക്രിസ്തുസ്നേഹം ദർശിച്ച് അവയെ സന്തോഷത്തോടെ വഹിച്ച് ദൈവമഹത്വത്തിനായി നമുക്ക് ജീവിക്കാം.

**ഫാ. ജോൺ പടിപ്പുരക്കൽ**



www.malankaralibrary.com

# ജൂൺ 11
# ഈശോയുടെ തിരുഹൃദയതിരുനാൾ

## പ്രസംഗം

ഗ്രീക്ക് സാഹിത്യത്തിലെ അനശ്വരകഥാകാരനായ കസൻദ്സാക്കിസിന്റെ *The Last Temptation of Christ* -ൽ സ്നാപകനും ഈശോയും തമ്മിൽ ആശയസംവാദത്തിൽ ഏർപ്പെടുന്ന അതീവഹൃദ്യമായ ഒരു രംഗമുണ്ട്. സ്നാപകൻ ഈശോയോട് പറയുന്നു: "ഇതാ വൃക്ഷം ജീർണിച്ചിരിക്കുന്നു. ദൈവം എന്നെ വിളിച്ച് എനിക്ക് ഒരു മഴു തന്നിരിക്കുന്നു. അത് ഞാൻ മരത്തിന്റെ വേരിനു വച്ചിരിക്കുന്നു. ഞാനെന്റെ കർമം നിർവഹിച്ചു. ഇനി നീ കർമം നിർവഹിക്കുക, അതെടുത്ത് വെട്ടുക. അപ്പോൾ ഈശോ ഇപ്രകാരം മറുപടി പറഞ്ഞു: ഞാൻ അഗ്നിയായിരുന്നെങ്കിൽ അതിനെ ദഹിപ്പിച്ചേനേ.. ഞാൻ ഒരു മരം വെട്ടുകാരനായിരുന്നെങ്കിൽ അതിനെ വെട്ടിദൂരെയെറിഞ്ഞേനേ... പക്ഷേ ഞാനൊരു ഹൃദയമാണ്; അതിനാൽ ഞാനതിനെ സ്നേഹിക്കുന്നു."

സ്നേഹജ്വാലയാൽ എരിയുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾദിനത്തിൽ നമ്മുടെ സ്നേഹവീക്ഷണങ്ങളെ ആഴത്തിൽ പരിശോധിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. മാർഗരറ്റ് മേരി അലക്കോക്കിനു പ്രത്യക്ഷപ്പെട്ടുകൊണ്ട് യേശു തന്റെ തിരുഹൃദയഭക്തിയെക്കുറിച്ച് വിശദീകരിക്കുമ്പോൾ വളരെ പ്രധാനമായി യേശു അവളോട് ആവശ്യപ്പെടുന്നത് തന്റെ മാംസളമായ ഹൃദയത്തിന്റെ പ്രതീകത്തിൽതന്നെ ബഹുമാനിക്കാനാണ്. മാംസളമായ ഹൃദയം, ശിലാഹൃദയം എന്നീ ദ്വന്ദങ്ങൾ നമ്മുടെ ആത്മീയപാഠങ്ങളെയും സ്നേഹവീക്ഷണങ്ങളെയും നിരന്തരം നവീകരിക്കാൻ ഉതകുന്ന പ്രതീകങ്ങളാണ്. ഫറവോയുടെ അപരാധം, അയാൾ മോശയുടെ നിർദേശങ്ങൾക്കെതിരെ, അതുവഴി ദൈവത്തിന്റെ ഹിതത്തിനു നേരെ ഹൃദയം കഠിനമാക്കി എന്നുള്ളതാണ്. യൂദാസിന്റെ തെറ്റും സമാനമാണ്; അയാൾ ഗുരുവിന്റെ മുന്നറിയിപ്പുകളെപോലും അവഗണിച്ച് ഹൃദയം കഠിനമാക്കി. കണക്കെന്നുപറയുന്ന ഒരു ശാസ്ത്രം



www.malankaralibrary.com

അയാളെ കീഴടക്കിയപ്പോൾ അയാൾ കഠിനഹൃദയനായി. രണ്ടുപേരും നടന്നടുക്കുന്നതോ, അനിവാര്യമായ ദുരന്തത്തിലേക്കും.

ക്രിസ്തുവിന്റെ ഹൃദയം മാംസളഹൃദയമാണ്. കുത്തി മുറിവേൽപ്പിക്കുന്നവനെ സൗഖ്യപ്പെടുത്തുന്ന, തള്ളിപ്പറയുന്നവനെ വാത്സല്യത്തോടെ കടാക്ഷിക്കുന്ന, ഒറ്റിക്കൊടുക്കാൻ വരുന്നവനെ 'സ്നേഹിതാ' എന്ന മൊഴിയാൽ തലോടുന്ന ഹൃദയം. പണ്ടൊരു ക്ലാസ്സിൽ ടീച്ചർ കുട്ടികളോട് ചോദിച്ചു: 'ഈശോയുടെ ഹൃദയവും നമ്മുടെ ഹൃദയവും തമ്മിലുള്ള വ്യത്യാസം എന്താണ്?' ഒരു കുട്ടി ഇപ്രകാരം വാചാലനായി: 'ടീച്ചറേ, നമ്മുടെ ഹൃദയം അകത്താണ്. ഈശോയുടെ ഹൃദയം പുറത്താണ്.' തിരുഹൃദയത്തിന്റെ ചിത്രത്താൽ സ്വാധീനിക്കപ്പെട്ടതുകൊണ്ടാണ് ആ കുട്ടി അങ്ങനെ പറഞ്ഞത്. അത്രമേൽ സുതാര്യമായ എല്ലാവരെയും സ്നേഹിക്കുന്ന മാംസളഹൃദയം. 'എന്റെ ഹൃദയം നിന്റെ ഹൃദയംപോലെയാക്കണമേ' എന്ന് തിരുഹൃദയ കൊന്തയിൽ ഉരുവിടുമ്പോൾ കഠിനഹൃദയം മാറ്റി മാംസള ഹൃദയം നൽകണമെന്നും നിന്റെ സ്നേഹപാഠങ്ങളാൽ എന്റെ വീ ക്ഷണങ്ങളെയും ബന്ധങ്ങളെയും നയിക്കണമെയെന്നുമാണ് നാം പ്രാർത്ഥിക്കുന്നത്.

രണ്ടാമതായി, ഈശോ തന്റെ ഹൃദയഭാഷ വെളിപ്പെടു ത്തുന്നത് ഇപ്രകാരമാണ്: "ഞാൻ ശാന്തശീലനും വിനീതഹൃദയനു മാണ്." അവന്റെ എഴുന്നള്ളത്ത് വിനയാന്വിതനായിട്ടാണ്. 'താണനി ലത്തേ നീരോടൂ, അവിടേ ദൈവം തുണയുള്ളൂ' എന്ന് മുതിർന്നവർ ചൊല്ലുന്നതിന്റെ പൊരുൾ ധ്യാനിക്കാവുന്നതാണ്. എളിമയുള്ള ഹൃദയം! ബൈബിളിന്റെ ഭാഷയിൽ 'ഹൃദയം' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ വികാരങ്ങളും വിചാരങ്ങളും സ്ഥിതി ചെയ്യുന്ന കേന്ദ്രഭാഗമെന്നാണ്. നമ്മുടെ വിചാരങ്ങളിലും വികാരങ്ങളിലും 'എളിമ' എന്ന ഭാവംനിറയുമ്പോൾ നാം മറ്റുള്ളവർക്ക് അത്രമേൽ സംലഭ്യരും സമീപസ്ഥരുമായിത്തീരും. അഹങ്കാരമുള്ള ഒരുവനോട് എങ്ങനെ അടുക്കാനാണ്? എങ്ങനെ ഒപ്പം ജീവിക്കാനാണ്? അഹങ്കാരിയായ ഒരുവൻ മറ്റുള്ളവരെ സ്നേഹിക്കുന്നത് അവന്റെ നേട്ടങ്ങൾക്കുവേണ്ടിയാണ്, അവനുവേണ്ടിത്തന്നെയാണ്. എന്നാൽ എളിമയുള്ളവൻ സ്നേഹിക്കുന്നത് തനിക്കുവേണ്ടിയല്ല; മറ്റുള്ളവർക്കുവേണ്ടിയാണ്. അതാണ് വിനീതഹൃദയമുള്ളവനെ വ്യത്യസ്തനാക്കുന്നത്. നമുക്ക് യേശുവിനെപോലെ വിനീതഹൃദയരാകാം. നമ്മുടെ പെരുമാറ്റവും സംസാര



www.malankaralibrary.com

വുംവഴി ആരെയും ഭാരപ്പെടുത്താതിരിക്കാം. ചതഞ്ഞ ഞാങ്ങണ ഒടിക്കാതിരിക്കാം. പുകഞ്ഞ തിരികെടുത്താതെയും.

മൂന്നാമതായി, ഈശോയുടെ തിരുഹൃദയം കരുണയുടെ ജീവനുള്ള ഉറവിടമാണ്. അപാരമായ ആത്മവിശ്വാസത്തോടുകൂടി ഈ കരുണയുടെ കടലിനെ സമീപിക്കുന്ന എല്ലാവർക്കും പുതുജീവൻ ലഭിക്കും. കരുണ നിറഞ്ഞ അവിടുത്തെ സ്നേഹത്തിൽനിന്നും നാം എത്രത്തോളം അകലുന്നുവോ, അത്രത്തോളം നാം ഹൃദയശൂന്യരായിത്തീരും. നമ്മുടെ ബന്ധങ്ങളിലും വ്യവഹാരങ്ങളിലും അവനോട് കരുണകാണിക്കാനാകത്തക്കവിധം അനുകമ്പാർദ്രമായ ഒരു ഹൃദയം നമുക്ക് സ്വന്തമാക്കാം. കുന്തത്താൽ കുത്തിപിളർക്കപ്പെടുമ്പോൾപോലും ആ ഹൃദയം ചൊരിയുന്ന കാരുണ്യം നമ്മുടെ മനോഭാവങ്ങളെ വിശദീകരിച്ചിരുന്നുവെങ്കിൽ... "നീ എന്നോട് കേണപേക്ഷിച്ചു. അതുകൊണ്ട് നിന്റെ കടമെല്ലാം ഞാൻ ഇളച്ചു തന്നു. ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടത് ആയിരുന്നില്ലേ?" എന്ന് ചോദിക്കുന്നത് ഈശോയുടെ തിരുഹൃദയമാണെന്ന് ആഴത്തിൽ ധ്യാനിച്ച് അപരനോട് പ്രവർത്തിച്ചിരുന്നെങ്കിൽ നമ്മുടെ ബന്ധങ്ങൾ എത്രത്തോളം സൗഖ്യദായകവും സുഖകരവും ആഹ്ലാദപ്രദവുമായേനെ! കുന്തത്താൽ തുറക്കപ്പെട്ട, മുള്ളുകൾകൊണ്ട് ചുറ്റപ്പെട്ട, കുരിശുനാട്ടിയ, കത്തിജ്വലിക്കുന്ന ഹൃദയം കെടാത്ത സ്നേഹത്തിന്റെ അഗ്നിയാൽ നമുക്ക് ചൂട് പകരുന്നു.

ഭാരപ്പെടുത്തുന്നതൊന്നും അപരർക്ക് നൽകാതെ സ്വയം മുറിവുകൾ ഏറ്റെടുത്ത് അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും ചേർത്തുനിർത്തുന്ന വ്യക്തിത്വങ്ങളായി പരിണമിക്കാൻ ഈശോയുടെ തിരുഹൃദയം നമ്മെ പ്രചോദിപ്പിക്കട്ടെ.

**ഫാ. വർഗീസ് തൊട്ടിയിൽ**



www.malankaralibrary.com

# ജൂൺ 13
# പെന്തിക്കോസ്തിക്കുശേഷം 3–ാം ഞായർ

## ഭാഷ്യം

യോഹ 6:35–46

### സന്ദർഭം

യേശു അപ്പം വർധിപ്പിക്കുന്നു; വെള്ളത്തിനുമീതെ നടക്കുന്നു. ഇതെല്ലാം കണ്ട ജനക്കൂട്ടം പരസ്പരം പറഞ്ഞു: "ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (6:14). എന്നാൽ അവർ വീണ്ടും അടയാളമന്വേഷിക്കുകയാണ്. "ഞങ്ങൾകണ്ട് നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണു നീ ചെയ്യുക" (വാ. 30). "സ്വർഗത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു ജീവൻ നൽകുന്ന യഥാർത്ഥ അപ്പം" (വാ. 33) മുമ്പിൽനിന്നിട്ടും ജനങ്ങൾ പഴയനിയമത്തിൽ മോശ കൊടുത്തെന്നുപറയുന്ന മന്നായുടെ അടയാളത്തിൽ മാത്രം ഒതുങ്ങിക്കൂടി നിൽക്കുകയാണ്. മരുഭൂമിയിൽ മന്ന പൊഴിച്ചത് മോശയല്ല; പിതാവായ ദൈവമാണ്. ആ ദൈവത്തിന് ജോസഫിന്റെ മകനായി, മറിയത്തിലൂടെ മരണമില്ലാത്ത നിത്യജീവന്റെ മന്നയായിത്തീരാൻ സാധിക്കും. ഈ സത്യം പിതാവായ ദൈവത്തിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം യേശുവിന്റെ അടുക്കൽവരുന്നു (വാ. 45). പിതാവിനാൽ ആകർഷിക്കപ്പെടാത്തവരെല്ലാം യേശുവിനെ വിട്ടുപോകുന്നു (വാ. 66).

### സാരം

"എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല" (വാ. 35). "പിതാവ് എനിക്കു നൽകുന്നവരെല്ലാം എന്റെ അടുത്തുവരും" (വാ.37). "പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്ക



www.malankaralibrary.com

ലേക്കു വരാൻ സാധിക്കുകയില്ല" (വാ. 44). "പിതാവിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്റെ അടുത്തുവരുന്നു" (വാ. 45). യേശുവിന്റെ അടുക്കൽവരുന്ന ജനവും യേശുവിനെ വിട്ടകലുന്ന ജനവും! "അടുക്കൽ വരുന്നത്" എന്നാൽ വെറും ശാരീരികമായി അടുത്തുനിൽക്കുന്നതല്ല, പിന്നെയോ, പിതാവായ ദൈവത്തിന്റെ ഇഷ്ടത്തോട് ചേർന്നുനിൽക്കുന്നതാണ്. ആ ഇഷ്ടം എന്താണ്? "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് പിതാവിന്റെ ഇഷ്ടം" (വാ. 40). നിത്യജീവന്റെ അപ്പമായ യേശുവിനോട്ചേർന്നുനിൽക്കാനുള്ള ആ ഹ്വാനമാണ് ഈ വചനങ്ങളിലുടനീളം കാണുന്നത്.

## സന്ദേശം

സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പമായ യേശു തിരുസ്സഭയിലൂടെ ഇന്നും സംലഭ്യനാണ്; സഭയിലെ കൂദാശകളിലൂടെയും പ്രത്യേകിച്ച്, വിശുദ്ധ കുർബാനയിലൂടെയും. നിത്യജീവന്റെ ഈ അപ്പം ലോകം മുഴുവൻ കാലാന്ത്യത്തോളം സംലഭ്യമാകണമെന്നതാണ് പിതാവായ ദൈവത്തിന്റെ ഇഷ്ടം. ഒരുകൂട്ടം യഹൂദരെപ്പോലെ കാരണങ്ങളുണ്ടാക്കി പിറുപിറുത്ത് (വാ. 43) മാറിനിൽക്കുന്നവരാകാതെ പിതാവിനാൽ ആകർഷിക്കപ്പെട്ടവരായി (വാ. 44) നമുക്ക് അവിടുത്തോട് അടുത്തുനില്ക്കാം; അടുത്തുനിന്ന് വിശപ്പുമാറ്റാം; അടുത്തുനിന്ന് നിത്യജീവനിൽ പങ്കാളികളാകാം.

**ഡോ. ജോർജ് അയ്യനേത്ത് OIC**



www.malankaralibrary.com

# പ്രസംഗം
## ദൈവത്തിന്റെ ഒറ്റമൂലി

"യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല. എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല" (യോഹ 6:35-36). യേശുവിൽ വിശ്വസിക്കുന്നവന് വിശക്കുകയും ദാഹിക്കുകയുമില്ല എന്നാണ് യേശു പറയുന്നത്. ഇവിടെ പറയുന്നത് ഏതുതരത്തിലുള്ള വിശപ്പും ദാഹവുമാണ്..? ഒരുപക്ഷേ, നമ്മൾ പെട്ടെന്ന് ചിന്തിച്ചേക്കാം; അത് ആത്മീയവിശപ്പും ദാഹവുമാണെന്ന്. എന്നാൽ യേശു അത് ആത്മീയ വിശപ്പാണെന്ന് പറയുന്നില്ല. അപ്പോൾ ആത്മീയവിശപ്പും ദാഹവും മാത്രമല്ല മനുഷ്യജീവിതത്തിലെ എല്ലാ വിശപ്പും ദാഹവും യേശു ശമിപ്പിക്കും എന്നാണർത്ഥം. വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം ആരംഭിക്കുന്നതുതന്നെ യേശു അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരംപേരെ തീറ്റി തൃപ്തിപ്പെടുത്തുന്ന സംഭവം വിവരിച്ചുകൊണ്ടാണ്. യേശുവിൽ വിശ്വസിക്കുന്നവർക്കാണ് ഒരിക്കലും വിശക്കുകയും ദാഹിക്കുകയും ചെയ്യാത്തത്. വിശ്വാസിക്ക് എന്തും ലഭിക്കും. "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും" (യോഹ 11:40).

സങ്കീർത്തകൻ പറയുന്നു: "കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു" (സങ്കീ 23: 1, 5). 34-ാം സങ്കീർത്തനം 10-ാം വാക്യത്തിൽ പറയുന്നു: "സിംഹക്കുട്ടികൾ ഇരകിട്ടാതെ വിശന്നുവലഞ്ഞേക്കാം; കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല." വിശ്വസിക്കുന്നവന് എല്ലാം സാധ്യമാണ്. വിശ്വാസമാണ് എല്ലാ ദൈവികദാനങ്ങളുടെയും അടിസ്ഥാനം. "വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല" (ഹെബ്രാ 11:6). വിശ്വാസംമൂലമാണ് പൂർവ്വികന്മാർ അംഗീകാരത്തിന് അർഹരായത് (ഹെബ്രാ 11:2). "യേശു പറഞ്ഞു: നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കു



www.malankaralibrary.com

വിൻ" (യോഹ 14:1). ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അവന് എല്ലാം നീതിയായി പരിണമിച്ചു.' യേശു പറഞ്ഞു: "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെനിന്നും ഇളകി കടലിൽ ചെന്നുവീഴുക എന്നുപറഞ്ഞാൽ അങ്ങനെ സംഭവിക്കും." വിശ്വസിച്ചാൽ എന്താണ് സംഭവിക്കാത്തത്? മഴയ്ക്ക് മേഘം ആവശ്യമായതുപോലെ മനുഷ്യനിലെ ദൈവകൃപയ്ക്ക് വിശ്വാസം അനിവാര്യമാണ്.

യേശു സമരിയാക്കാരിയോട് പറഞ്ഞു: "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയാകും" (യോഹ 4:13-14). എന്തുകൊണ്ടാണ് യേശുവിൽനിന്ന് കുടിക്കുന്നവന് വീണ്ടും ദാഹിക്കാത്തത്? കുടിക്കുന്നവൻതന്നെ അരുവിയായി രൂപാന്തരപ്പെടും. അവൻ അനേകരുടെ ദാഹം ശമിപ്പിക്കുന്നവനായി മാറും എന്നർത്ഥം. "ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു" (ജറെ 2:13). ദൈവത്തെ ഉപേക്ഷിക്കുന്നവൻ ജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ച് പൊട്ടക്കിണർ കുഴിക്കുന്നവനെപ്പോലെയാണെന്നാണ് വചനം പറയുന്നത്. അതുകൊണ്ട് നമുക്ക് കർത്താവിൽ വിശ്വസിച്ച് അവനോട് ഒട്ടിനിൽക്കാം.."അവൻ സ്നേഹത്തിൽ എന്നോട് ഒട്ടിനില്ക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും" (സങ്കീ 91:14). "ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല" (യോഹ 15:5). "നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലംതരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷംപോലെയാണ്" (സങ്കീ 1:3) കർത്താവിൽ ആശ്രയിക്കുന്നവൻ എന്നാണ് സങ്കീർത്തകൻ പറയുന്നത്.

നമുക്കും ദൈവത്തോട് ചേർന്നുനിൽക്കാം. അപ്പോൾ നമുക്ക് വിശക്കുകയും ദാഹിക്കുകയുമില്ല എന്നുമാത്രമല്ല വിശക്കുന്നവരെ ഊട്ടാനും ദാഹിക്കുന്നവരുടെ ദാഹം ശമിപ്പിക്കാനും നമുക്കു കഴിയും.

**ഫാ. ഗോഡ്ജോയ് ഗോഡ്വിൻ**



www.malankaralibrary.com

# ജൂൺ 20
# പെന്തിക്കോസ്തിക്കുശേഷം 4–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 10:17-20

## സന്ദർഭം

യേശുവിന്റെ ജറുസലെംയാത്ര ആരംഭിച്ചിട്ട് അധികമായില്ല (9:51). യാത്രയ്ക്കിടെ പലരും ശിഷ്യരായി കൂടെനടക്കാൻ ആഗ്രഹിച്ചുവരുന്നുണ്ട്. അവരോടെല്ലാം ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളെക്കുറിച്ച് അവൻ ഓർമപ്പെടുത്തി (9:57-62). തുടർന്ന് യേശു കടന്നുപോകാനിരുന്ന പട്ടണങ്ങളിലേക്ക് സ്ഥലങ്ങളിലേക്ക് എഴുപത്തിരണ്ടുപേരെ വിളിച്ച് ഈരണ്ടുപേരായി നിയോഗിച്ചയച്ചു (10:1-12). അനുതപിക്കാത്ത സ്ഥലങ്ങളായ കൊറാസീൻ, ബേത്സയ്ദാ എന്നിവയുടെ ശിക്ഷയുടെ കാഠിന്യം യേശു അറിയിക്കുന്നു (10:13-16). അയക്കപ്പെട്ട 72 പേരും തിരിച്ചുവന്നു വിവരങ്ങൾ കൊടുത്തപ്പോൾ അവരുടെ സന്തോഷത്തെപ്രതി, യേശുതന്നെ ആനന്ദിക്കുന്നതാണ് പഠനഭാഗത്തെ പശ്ചാത്തലമായി വരുന്നത്.

## സാരം

ശിഷ്യന്മാർ ശുശ്രൂഷകഴിഞ്ഞ് തിരിച്ചുവന്ന്, യേശു അവർക്ക് നൽകിയ നിർദേശങ്ങൾ ഫലപ്രദമായതും പിശാചുക്കളൊക്കെ ശിഷ്യന്മാർക്ക് കീഴടങ്ങിയതുമൊക്കെ യേശുവിനെ അറിയിക്കുന്നതും അതിന് യേശു കൊടുക്കുന്ന പുതിയ ഉൾക്കാഴ്ചയുമാണ് വചനഭാഗത്തെ പ്രധാനപ്രമേയം.

## സന്ദേശം

1. ശിഷ്യന്മാർ വലിയ ആനന്ദത്തിലാണ്. പൈശാചികശക്തികൾപോലും തങ്ങൾക്ക് കീഴ്പ്പെടുന്നു എന്നതാണ് അവരെ സംതൃപ്തരാക്കുന്നത്. യേശു അവരെ പറഞ്ഞയക്കുമ്പോൾ പിശാചുക്കളെ



www.malankaralibrary.com

ബഹിഷ്ക്കരിക്കണം എന്നുപറഞ്ഞിട്ടില്ല; എന്നാൽ രോഗികളെ സുഖപ്പെടുത്തണം എന്ന് ഉപദേശിച്ചിട്ടുണ്ട് (10:9). രോഗങ്ങളെല്ലാം പിശാചിന്റെ പ്രവർത്തനഫലമാണെന്ന യഹൂദചിന്തയിലൂന്നിയാണ് ഈ ശുശ്രൂഷയെ നാം കാണേണ്ടത്. സാത്താൻ ഇടിമിന്നൽപോലെ നിപതിക്കുന്നത് ഞാൻ കണ്ടു എന്നാണ് യേശു പറഞ്ഞത്. ഇടിമിന്നൽ പ്രപഞ്ചത്തിന്റെ ഒരറ്റത്തുനിന്ന് തുടങ്ങി, മറ്റൊരുഭാഗത്ത് അസ്തമിക്കുന്ന രീതിയിലാണ് സംഭവിക്കുന്നത്. ലോകത്തിന്മേലുള്ള പിശാചിന്റെ പിടി അയയുന്നു. യേശുവിന്റെ ശുശ്രൂഷ പിശാചുമായുള്ള ഒരു പോരാട്ടമായിരുന്നു. ബേൽസെബൂൽ സംഭവവും (11:20) കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നതും (13:16) ഇതിന്റെ സൂചനയാണ്. ക്രൈസ്തവശുശ്രൂഷയുടെ വിജയം എന്നത്; തിന്മയുടെ ദുരന്താനുഭവങ്ങളിൽനിന്നും മനുഷ്യരെ മോചിപ്പിക്കുന്നതിലാണ്.

2. പുതിയതായുള്ള അധികാരവും സംരക്ഷണവും ക്രിസ്തുശിഷ്യർക്ക് വാഗ്ദാനം ചെയ്യുകയാണ്. പാമ്പുകളുടെയും തേളിന്റെയുംമേലുള്ള അധികാരവും അവയുടെ ഉപദ്രവത്തിൽനിന്നുള്ള സംരക്ഷണവുമെല്ലാം. പാമ്പുകളും തേളുകളും തിന്മകളുടെ പ്രതിബിംബമാണ്. ഉത്പത്തി 3:15-ൽ തുടങ്ങുന്ന ശത്രുത മിശിഹാകാലത്ത് അവസാനിക്കുകയാണ്. അവയ്ക്കുള്ള മേൽകൈ അവസാനിക്കുന്നു. “മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും, മുലകുടി മാറിയ കുട്ടി അണലിയുടെ അളയിൽ കൈയിടും” (ഏശ 11:8). യേശുവിന്റെ ദൈവരാജ്യം പ്രകൃതിയും മനുഷ്യനും സഹവർത്തിത്വത്തോടെ കഴിയുന്ന ഒരു അവസ്ഥയാണ്. പ്രകൃതിയെ പ്രകോപിപ്പിക്കുന്ന ഒന്നും ക്രിസ്തുശിഷ്യർക്ക് ചേർന്നതല്ല. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ശത്രുതകളകറ്റി പരസ്പരം ശക്തിപ്പെടുത്തുന്നതാണ് ക്രൈസ്തവധർമം.

3. സന്തോഷത്തിന്റെ യഥാർത്ഥ അടിസ്ഥാനം എന്താണെന്നും യേശു പഠിപ്പിക്കുന്നു. തങ്ങളിലൂടെ നടക്കുന്ന രോഗശാന്തിയോ അത്ഭുതങ്ങളോ ഒന്നുമല്ല; മറിച്ച് ഓരോരുത്തരുടെയും പേരുകൾ സ്വർഗത്തിൽ എഴുതപ്പെടുന്നതിലാണ്. പുറ 32:32-ൽ സ്വർഗത്തിൽ വിശുദ്ധരുടെ പേര് എഴുതപ്പെടുന്നതിനെക്കുറിച്ച് പരാമർശമുണ്ട്. പൗരത്വരേഖയെന്നപോലെ സ്വർഗത്തിലും പേരുചേർക്കണം എന്നതിൽനിന്നും രക്ഷ ഓരോ വ്യക്തിയും കണ്ടെത്തണമെന്നും അത് ദൈവത്തിന്റെ ദാനമാണെന്നുമുള്ള സൂചനയാണ്. ആത്മീയ അഹങ്കാര



www.malankaralibrary.com

ത്തിന് നേരെയുള്ള മുന്നറിയിപ്പാണിത്. പിന്നീടുള്ള യേശുപഠനങ്ങളിൽ അത് വ്യക്തമാക്കപ്പെടുന്നുണ്ട്. യേശുവിനോടൊപ്പം നടക്കുകയോ, ഭക്ഷിക്കുകയോ ചെയ്യുന്നതൊന്നും സ്വർഗപ്രവേശനത്തിന് മാനദണ്ഡമല്ല. ക്രിസ്തുവിനെയും ക്രിസ്തുമൂല്യങ്ങളെയും ജീവിതത്തിൽ പകർത്തുകവഴിമാത്രമേ നമ്മുടെ സ്വർഗീയപൗരത്വം ഉറപ്പാക്കാനാകൂ.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## ശിഷ്യത്വത്തിന്റെ പ്രതിഫലങ്ങൾ

പരിശുദ്ധാത്മാവിന്റെ കൃപാദാനങ്ങളാൽ അഭിഷേകം ചെയ്യപ്പെട്ട തിരുസ്സഭ ഈ കാലഘട്ടത്തിനനുയോജ്യമായ വിധത്തിൽ സുവിശേഷപ്രഘോഷണദൗത്യത്തെയും മേഖലകളെയും ബലപ്പെടുത്തുകയും ദൗത്യനിർവഹണത്തിന് ശക്തി സംഭരിക്കുകയും ചെയ്യുന്ന കാലയളവാണ് പെന്തിക്കൊസ്തിക്കാലം. സമാനതകളില്ലാത്ത പ്രതിസന്ധിഘട്ടത്തിലൂടെ മാനവരാശി കടന്നുപോകുമ്പോൾ സുവിശേഷശക്തിയാൽ ലോകത്തെ പ്രത്യാശഭരിതമാക്കാനുള്ള ചുവടുവയ്പ്പുകൾ അനിവാര്യമാണ്. ആനുകാലികസാഹചര്യങ്ങളിൽ പരിശുദ്ധാത്മവരങ്ങളെ ക്രിയാത്മകമായി സംവേദനംചെയ്യാൻ നാം പ്രാപ്തരാകേണ്ടതുണ്ട്. അലസതയോ മടുപ്പോ നിരാശയോകൂടാതെ, തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കേണ്ടതിന്റെ ആവശ്യകതയും ക്രിസ്തുശിഷ്യത്വത്തിന് ലഭിക്കുന്ന പ്രതിഫലവും ശിഷ്യത്വജീവിതത്തിൽ സന്തോഷിക്കേണ്ടതിന്റെ കാരണവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഓർമപ്പെടുത്തലുകൾ.

പേരെടുത്തുവിളിച്ച് അപ്പസ്തോലപദവി നൽകിയ പന്ത്രണ്ടുപേരെക്കൂടാതെ ക്രിസ്തു തിരഞ്ഞെടുത്തവരാണ് ഈ എഴുപത്തിരണ്ടുപേർ. 'ചെന്നായ്ക്കളുടെ ഇടയിലേക്കു ചെമ്മരിയാടുകളെയെന്ന പോ



www.malankaralibrary.com

ലെ' (ലൂക്കാ 10:3) താൻ പോകാനിരിക്കുന്ന പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും ക്രിസ്തു തനിക്കുമുമ്പേ അയച്ചവരാണിവർ (ലൂക്കാ 10: 1). ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് അറിയിക്കാനുള്ള ദൗത്യത്തെ പൂർത്തീകരിച്ച് സന്തോഷത്തോടെ അവർ ക്രിസ്തുവിന്റെ അടുത്തെത്തി വിശേഷങ്ങൾ പങ്കുവയ്ക്കുന്നതാണ് സുവിശേഷസന്ദർഭം.

ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നത് തിന്മയുടെ ശക്തികൾക്കുമേലുള്ള ആധിപത്യത്തിലൂടെയും നിഷ്കാസനത്തിലൂടെയുമാണ്. "ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു" (മത്താ 12:28). ശിഷ്യഗണത്തിനു പ്രേഷിതദൗത്യം നൽകി അവിടുന്ന് അരുൾചെയ്തു: "എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കുക" (മർക്കോ 16:17). യേശുനാമത്തിൽ, പരിശുദ്ധാത്മശക്തിയാൽ ശിഷ്യനു സാധിക്കുന്നതാണ് പൈശാചികശക്തികളിന്മേലുള്ള ആധിപത്യം. നിരാശയുടെയും ഭയത്തിന്റെയും ദുരാത്മാക്കൾ ഇന്നിന്റെ ജീവിതത്തെ വരിഞ്ഞുമുറുക്കി പ്രതിസന്ധികൾക്കുമുൻപിൽ പിടിച്ചുനിൽക്കാൻ കഴിയാത്തവിധത്തിൽ മനുഷ്യജീവിതങ്ങളെ സ്വയഹത്യകളിലേക്കും നാശോന്മുഖമായ നിലപാടുകളിലേക്കും തള്ളിവിടുകയാണ്. സമാധാനത്തിന്റെയും പ്രത്യാശയുടെയും സുവിശേഷമാകുന്ന ക്രിസ്തുവിൽ സന്തോഷവും ധൈര്യവും നേടിയെടുക്കാൻ ജനത്തെ ഒരുക്കുക എന്ന ദൗത്യമാണ് ഇന്നിന്റെ പ്രേഷിതശുശ്രൂഷ. 72 പേർ സന്തോഷത്തോടെ തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം പൂർത്തീകരിച്ചതുപോലെ തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായിത്തീരണമെന്ന ദൗത്യം പൂർത്തീകരിക്കണം.

പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകലശക്തികളുടെയുംമീതെ ചവിട്ടിനടക്കാനുള്ള അധികാരം (ലൂക്കാ 10:19) ക്രിസ്തുശിഷ്യരായ നമുക്ക് നൽകിയിട്ടുണ്ട്. തിരുസ്സഭയിൽ മാമ്മോദീസ എന്ന കൂദാശയിലൂടെ സാത്താന്റെ സകലപ്രവർത്തികളെയും ഉപേക്ഷിച്ച് ക്രിസ്തുവിലും ശ്ലൈഹീകോപദേശങ്ങളിലും പൂർണമായി വിശ്വാസമർപ്പിച്ച് ഈ അധികാരത്തെ നാം സ്വീകരിക്കുന്നു. കൗദാശികാനുഭവജീവിതംവഴി നിരന്തരം ശക്തീകരിക്കപ്പെടുന്ന ഈ അധികാരം നമ്മുടെ സുവിശേഷദൗത്യത്തെ കൂടുതൽ ജ്വലിപ്പിക്കും.



www.malankaralibrary.com

രണ്ടാമതായി, ക്രിസ്തുശിഷ്യത്വത്തിന് ലഭിക്കുന്ന പ്രതിഫലം ക്രിസ്തുവിലുള്ള സന്തോഷമാണ്. എഴുപത്തിരണ്ടുപേർക്കും ലഭിച്ച പ്രതിഫലം, സന്തോഷംനിറഞ്ഞ മനസ്സോടെ അവർക്ക് ക്രിസ്തുവിന്റെ അടുത്ത് തിരികെയെത്താൻ കഴിഞ്ഞുയെന്നുള്ളതാണ്. അസ്സീസിയുടെ തെരുവുകളിലൂടെ എല്ലാവരാലും അപമാനിക്കപ്പെട്ടു കല്ലേറ് കൊണ്ടുനടക്കുമ്പോൾ ഫ്രാൻസിസ് വിളിച്ചുപറഞ്ഞു: "ഒരു കല്ല് നൽകുന്നവന് ഒരു അനുഗ്രഹം." ക്രിസ്തുവിനെപ്രതി, സുവിശേഷത്തിനുവേണ്ടി ലഭിച്ച പ്രതിഫലം അസീസിയിലെ ഫ്രാൻസിസിനെ സന്തോഷഭരിതനാക്കി. പാവങ്ങൾക്കുവേണ്ടി കൈനീട്ടിയപ്പോൾ കൈക്കുമ്പിളിലേക്ക് നീട്ടിതുപ്പിയ മനുഷ്യന്റെമുൻപിൽ വിശുദ്ധ മദർതെരേസ സന്തോഷവതിയായി. പട്ടാളക്കാരുടെമുൻപിൽ കൈകൾകൂപ്പി മനുഷ്യജീവനുവേണ്ടി യാചിച്ച മ്യാൻമറിലെ സന്ന്യാസിനിയും കൊറോണക്കാലത്ത് ജീവൻ പണയംവച്ച് ആതുരാലയങ്ങളിലെ ശുശ്രൂഷയിൽ ജീവിതം നഷ്ടപ്പെട്ടവരും ഇന്നും ശുശ്രൂഷ ചെയ്യുന്നവരും ക്രിസ്തുവിൽ സന്തോഷിക്കുന്നവരാണ്. കാരണം, പദ്ധതികൾക്കും പ്രശസ്തികൾക്കുമപ്പുറം സ്വർഗത്തിൽ തങ്ങളുടെ പേരെഴുതപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം അവർക്കുള്ളതുകൊണ്ടു തന്നെ.

ആത്മീയമേഖലകളിൽ ഭൗതികമായ പ്രതിഫലങ്ങൾക്കും പദ്ധതികൾക്കുംവേണ്ടിയുള്ള ശുശ്രൂഷകൾ, ഫലംതരാത്ത കൃഷിയിടങ്ങളിലെ പാഴ്‌വേലയാണ്. നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മവരങ്ങളിലൂടെ തിന്മനിറഞ്ഞ ലോകത്തെ ക്രിസ്തുവിനുവേണ്ടി നേടിയെടുക്കാൻ നമുക്ക് പ്രയത്നിക്കാം. ലോകം തരുന്ന പ്രതിഫലമല്ല, ദൈവം തരുന്ന സ്വർഗീയസമ്മാനങ്ങൾക്കുവേണ്ടി ഈ പെന്തിക്കൊസ്തിക്കാലത്തിൽ നമുക്ക് വേലചെയ്യാം.

**ഫാ. ഡൊമിനിക് മൂഴിക്കര OIC**



www.malankaralibrary.com

# ജൂൺ 27
# പെന്തിക്കോസ്തിക്കുശേഷം 5–ാംഞായർ

## ഭാഷ്യം

ലൂക്കാ 9:10–17

### സന്ദർഭം

അയക്കപ്പെട്ട പന്ത്രണ്ട് അപ്പസ്തോലന്മാർ തങ്ങളുടെ പ്രേഷിത വേല വിജയകരമായി പൂർത്തിയാക്കി, ഈശോയുടെ പക്കലേക്ക് മടങ്ങിവന്ന്, തങ്ങൾ ചെയ്തതെല്ലാം അവിടുത്തെ അറിയിക്കുന്നതാണ് ഈ സുവിശേഷത്തിന്റെ പശ്ചാത്തലം. ഹേറോദേസ് രാജാവിന്റെ 'അവൻ ആരാണ്?' (വാ. 9) എന്ന ചോദ്യത്തിനുള്ള ഉത്തരവും ഈ സുവിശേഷഭാഗം നൽകുന്നു.

### സാരം

പ്രേഷിതവേലചെയ്ത് ഒരുപക്ഷേ ക്ഷീണിതരായിത്തീർന്ന അപ്പസ്തോലന്മാരെ ബേത്സയ്ദാ എന്ന പട്ടണത്തിലേക്കാണ് ഈശോ കൂട്ടിക്കൊണ്ടുപോകുന്നത്. '*ബേത്സയ്ദാ*' എന്ന പദത്തിന്റെ അർത്ഥംതന്നെ 'പാഥേയത്തിന്റെ ഭവനം' എന്നാണ്. തിരുപാഥേയമാകാൻ വന്നവനോട് ജനങ്ങളെ പാഥേയം (ഗ്രീക്കിൽ *എപ്പിസിത്തിസ്മോസ്*) വാങ്ങാനായി പാഥേയത്തിന്റെ ഭവനത്തിൽനിന്ന് പറഞ്ഞയക്കാനാണ് ശിഷ്യന്മാർ ആവശ്യപ്പെടുന്നത്. തങ്ങളുടെ പക്കലുള്ള അഞ്ചപ്പവും രണ്ടുമീനും തങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കാനുള്ള തത്രപ്പാടാണ് അവർ പ്രകടിപ്പിക്കുന്നത്. എന്നാൽ  യേശു അവയെടുത്ത് ആശീർവദിച്ച്, മുറിച്ച് അവരെക്കൊണ്ടുതന്നെ ജനങ്ങൾക്ക് കൊടുപ്പിക്കുമ്പോൾ  എല്ലാവരും തൃപ്തരായിട്ടും മിച്ചംവരത്തക്കവണ്ണം അവൻ അവ വർധിപ്പിക്കുന്നു.



www.malankaralibrary.com

## സന്ദേശം

അപ്പത്തിന്റെ ഭവനമായ സഭയിൽ  അനുഗ്രഹങ്ങളുടെ പൂർണത യുണ്ട്. യോഗ്യതയോടെയുള്ള കൂദാശകളുടെ  സ്വീകരണത്തിലൂടെ അവ നമുക്കു കരഗതമാക്കാം. നമുക്ക് തികച്ചും ആവശ്യമായത് പങ്കുവയ്ക്കുന്നിടത്താണ് യഥാർത്ഥ അത്ഭുതങ്ങൾ സംഭവിക്കുന്നത്.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

---

# പ്രസംഗം

## ആരാണ് ശിഷ്യൻ?

'ശിഷ്യന്മാർ തങ്ങൾ ചെയ്തകാര്യങ്ങൾ യേശുവിനെ അറിയിച്ചു' (9:10). ആരാണ് ശിഷ്യൻ? യേശുവിന്റെ ഉത്തരം ഗുരുവിനെപോലാ കുന്നവനാണ് ശിഷ്യൻ എന്നാണ്. നമ്മുടെ ഭാരതീയസംസ്കാരമ നുസരിച്ച് ഗുരുമുഖത്തുനിന്ന് പഠിക്കുന്നവനാണ് ശിഷ്യൻ.

രണ്ടായാലും ഗുരുവിനെ വിട്ടുമാറാതെ നിരന്തരമായി അവനോട് സംസാരിക്കുകയും സംസർഗം പുലർത്തുകയും ചെയ്യുന്നവൻ യഥാ ർത്ഥ ശിഷ്യനായിതീരുന്നു. ഗുരുമുഖത്തുനിന്നുവീഴുന്ന കാര്യങ്ങൾ ആവർത്തിച്ച് ധ്യാനിക്കുകയും പഠിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ ശിഷ്യൻ ഗുരുവിലേക്ക് വളരുന്നു. അങ്ങനെ ഗുരുവിൽ ലയിക്കുന്ന ശിഷ്യന്മാർ ചെയ്യുന്ന കാര്യങ്ങളിലും പറയുന്ന വാക്കുകളിലും ഗുരു വുണ്ടായിരുന്നു. നമ്മൾ ചെയ്യുന്ന കാര്യങ്ങളും പറയുന്ന വാക്കുകളും ഫലമില്ലാത്തവയെങ്കിൽ, യേശുവിനെ പ്രതിഫലിപ്പിക്കാനാവാത്ത ശിഷ്യന്മാരാണ് നമ്മൾ എന്നർത്ഥം. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ അവൻ പറഞ്ഞതെങ്കിൽ നമ്മൾ ഫലംചൂടിനിൽക്കുന്ന വൃക്ഷങ്ങ



www.malankaralibrary.com

ളാണ്. 'നിറകുടം തുളുമ്പാറില്ല' എന്നുപറയുന്നതുപോലെ ഫലം പേറിനിൽക്കു ന്ന വൃക്ഷം എന്ത് സംസാരിക്കാൻ? നമ്മൾ ചെയ്യുന്ന കാര്യങ്ങളിൽ കുറവ് കാണുമ്പോൾ സ്നേഹത്തോടെ തിരുത്തുന്ന യേശുവിനെ ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നു.

യേശു ശിഷ്യന്മാരോട് പറഞ്ഞു: "നിങ്ങൾ അവർക്കു ഭക്ഷണം കൊടുക്കുവിൻ." ശിഷ്യന്മാരായ നമ്മൾക്ക് ആകുലപ്പെടാം; ആവലാതിപറയാം; പക്ഷേ അത് യേശുവിനോടുമാത്രമായിരിക്കണം. അപ്പോൾ അവൻതന്നെ നമുക്ക് വഴിതുറന്നുതരും. മനുഷ്യരോടുള്ള സ്നേഹമാണോ തങ്ങളുടെ കഴിവിലുള്ള വിശ്വാസമാണോ, ജനങ്ങളുടെ അവസ്ഥയെക്കുറിച്ച് യേശുവിനോട് പറയാൻ ശിഷ്യന്മാരെ പ്രേരിപ്പിച്ചത്? യേശു നൽകിയ ദൗത്യത്തിൽ വിജയിച്ചുവെന്ന് വിവരിക്കുന്ന ശിഷ്യരെയാണ് ഇന്നത്തെ സുവിശേഷം ആദ്യം അവതരിപ്പിക്കുന്നത്. ഞാൻ വിജയിച്ചിരിക്കുന്നുവെന്ന ബോധം, വിജയിപ്പിച്ചവനെ എന്നിൽനിന്ന് എടുത്തുമാറ്റാൻ കാരണമാകാറുണ്ട്. അത് ഏതാണ്ട് തോൽവിതന്നെയാണ്. ഇങ്ങനെ തന്റെ ശിഷ്യന്മാർ തോൽക്കുന്നത് കാണുമ്പോൾ അവരെ തിരുത്താൻ യേശു ഉപയോഗിക്കുന്ന രീതിയാണ് അപ്പംകൊടുക്കൽ.

ഇന്നത്തെ സുവിശേഷത്തിലെ ശിഷ്യന്മാരെപ്പോലെയാണ് നമ്മൾ. ജനങ്ങളുടെ അവസ്ഥ കൃത്യമായി അവതരിപ്പിക്കും; അവരായിരിക്കുന്ന നാടിനെക്കുറിച്ചും അവരുടെ കുടുംബത്തിന്റെ അവസ്ഥയെക്കുറിച്ചും അവർക്കുണ്ടാകാൻപോകുന്ന ഭവിഷ്യത്തുകൾ എന്താണെന്നുവരെ എല്ലാമറിയുന്ന യേശുവിന്റെ മുമ്പിൽ പ്രാർത്ഥനയായി നാം പറയാറുണ്ട്. അവലോകനപ്രസംഗമായി മാറുന്ന പ്രാർത്ഥന നടത്തുന്നവർ മനുഷ്യന്റെ വേദനകൾ മറന്ന് സ്വന്തം കഴിവ് ഉയർത്തിക്കാണിക്കുന്നു.

"നിങ്ങൾത്തന്നെ അവർക്ക് ഭക്ഷണം കൊടുക്കുവിൻ" എന്ന യേശുവിന്റെ വാക്കുകളിൽ ശിഷ്യന്മാർ ഒന്നുപതറിയെങ്കിലും യേശുവിന്റെ മുമ്പിൽ തോൽക്കാൻ മനസ്സില്ലാതെ? "ഞങ്ങളുടെ കൈയിൽ അഞ്ചപ്പമുണ്ട്, ഞങ്ങൾ പോയി അപ്പം വാങ്ങിക്കൊണ്ടുവരാം" എന്നിങ്ങനെ ഒരിക്കലും വിജയിക്കാത്ത കർമപദ്ധതികൾ ഫ്ളക്സിൽ



www.malankaralibrary.com

Date of Publication: 13 May 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 23)

അടിച്ച് യേശുവിനുകൊടുക്കുന്ന ശിഷ്യന്മാർ. "നീ എന്നെ സ്നേഹിക്കുന്നുവോ" എന്ന് മൂന്നാവർത്തി ചോദിച്ച യേശുവിന്റെ മുമ്പിൽ തളർന്ന് "യേശുവേ നീയെല്ലാം അറിയുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" എന്നുപറഞ്ഞ പത്രോസിനെപ്പോലെ ശിഷ്യന്മാർ പറയേണ്ടതായിരുന്നു.

"യേശുവേ നിനക്കറിയാം; ഈ മനുഷ്യരുടെ അവസ്ഥ, ഒപ്പം നിസ്സഹായരായ ഞങ്ങളു ടെ അവസ്ഥയും നീ ഇവരെ തീറ്റിപ്പോറ്റും എന്നും അറിയാം." അതുപറയാൻപോലുമാവാതെ നിൽക്കുന്ന ശിഷ്യന്മാരോട് യേശു സ്നേഹത്തോടെ പറയുന്നു: "നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ഈ ജനങ്ങളെ നിങ്ങൾതന്നെ സ്വസ്ഥമായി പുൽത്തകിടിയിൽ ഇരുത്തിയാൽ അവർ ക്ക് കൊടുക്കാനുള്ള അപ്പം ഞാൻ നിങ്ങളെ ഏൽപ്പിക്കാം."

ഗുരുവിന്റെ മൊഴികൾ കേട്ടുപ്രവർത്തിക്കാതെ സ്വന്തം പദ്ധതികൾ നാം നടപ്പിലാക്കുമ്പോൾ നാം തോൽക്കുന്നുവെന്നുമാത്രമല്ല, നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുടുംബം, ഇടവക, സമൂഹം എല്ലാം ഭക്ഷണം കിട്ടാതെ പട്ടിണികിടക്കുന്നു. അപ്പം വർധിപ്പിക്കാൻ യേശുവിനു വേണ്ടത് നമ്മുടെ സ്വതന്ത്രമായ അനുസരണമാണ്. അനുസരണമെന്ന ബലിയും ആ ബലിയിൽ യേശുവായി മാറുന്ന അപ്പവും. ഇതാണ് ഏറ്റവും വലിയ അത്ഭുതം.

**ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*

www.malankaralibrary.com